# പോലീസ് വകുപ്പ്

**എച്ച് 6/ 32926/10**
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.
തീയതി . 30 .12.2011.

## ദർഘാസ് പരസ്യം

പോലീസ് വകുപ്പിലേക്ക് ആവശ്യമായ താഴെ പറയുന്ന സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള രണ്ട് ബിഡ് സിസ്റ്റത്തിലുള്ള (ടെക്നിക്കൽ ബിഡും, ഫിനാൻഷ്യൽ ബിഡും) മുദ്രവച്ച ദർഘാസുകൾ 02.02.2012 തീയതി ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഈ ഓഫീസിൽ ലഭിക്കത്തക്ക വിധത്തിൽ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നം. | ദർഘാസ് നമ്പർ | ആവശ്യമായ സാധനം | ആവശ്യമായ എണ്ണം | ദർഘാസ് ഫാറത്തിന്റെ വില | ദർഘാസ് തുറക്കുന്ന സമയവും തീയതിയും |
|---|---|---|---|---|---|
| 1 | 79/2011 | കോൺട്രാബാൻറ് ഡിറ്റെക്ടർ | 1 | 500+4%VAT | 02.02.2012 3PM |
| 2 | 80/2011 | വാട്ടർ ജെറ്റ് ഡിസ്റപ്റ്റർ | 2 | 1600+4%VAT | –DO – |
| 3 | 81/2011 | റേഡിയേഷൻ ഡിറ്റെക്ടർ | 1 | 1500+4%VAT | –DO – |
| 4 | 82/2011 | സെർച്ച് ലൈറ്റ്സ് | 46 | 400+4%VAT | –DO – |
| 5 | 83/2011 | പോർട്ടബിൾ ഡിജിറ്റൽ വോയിസ് റെക്കോർഡർ ലൈക്ക് മൊബൈൽ ഫോൺ | 20 | 400+4%VAT | –DO – |
| 6 | 84/2011 | ഇൻഡ്രോഗേഷൻ റൂം എക്വിപ്മെൻറ്സ് | 4 | 1600+4% VAT | –DO – |
| 7 | 85/2011 | സൈബർ എഫ് എസ് എൽ ഹാർഡ്‌വേർ ആൻറ് സോഫ്റ്റ്‌വേർ ഐറ്റംസ് | 9 ഐറ്റം | 5100+4% VAT | –DO – |
| 8 | 86/2011 | ഹാൻറ് ഫ്രീ വയർലെസ് ടെലിഫോൺസ് | 100 | 800+4% VAT | –DO – |
| 9 | 87/2011 | ബൈനോക്കുലർ | 2 | 500+4%VAT | –DO – |
| 10 | 88/2011 | ജിപിഎസ് റ്റു പോലീസ് സ്റ്റേഷൻ വെഹിക്കിൾസ് | 125 | 3000+4%VAT | –DO – |
| 11 | 89/2011 | സ്പീഡ് റഡാർഴ്സ് | 12 | 21000+4%VAT | –DO – |
| 12 | 90/2011 | അൽക്കോമീറ്റേഴ്സ് | 285 | 25000+4%VAT | –DO – |

| | | | | | |
|---|---|---|---|---|---|
| 13 | 91/2011 | ടെൻറ് (80 LBS, 180 LBS, 360 LBS) | 80 LBS 48 Nos. and 180 & 360 LBS 40 each | 4100+4%VAT | 02.02.2012 3PM |
| 14 | 92/2011 | ട്രാഫിക്ക് കോൺസ് | 1000 | 1500+4%VAT | –DO – |
| 15 | 93/2011 | റിട്രോ റിഫ്ളക്റ്റീവ് ജാക്കറ്റ്സ് | 500 | 400+4%VAT | –DO – |
| 16 | 94/2011 | പ്രിഫാബ് ബാരക്ക്സ് | 8 | 9600+4% VAT | –DO – |
| 17 | 95/2011 | ഫൂട്ട് ഓപ്പറേറ്റെട് പമ്പ് സ്പ്രേയർ | 2 | 300+4%VAT | –DO – |

ഓരോ ഇനങ്ങൾക്കും പ്രത്യേകം ദർഘാസ് ഫോറങ്ങൾ അയയ്ക്കേണ്ടതാണ്. താല്പര്യമുള്ളവർക്ക് സ്റ്റേറ്റ് പോലീസ് ചീഫിൻെറ പേർക്കുള്ള അപേക്ഷയോടൊപ്പം ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ള നിരക്കിൽ പണമടച്ച് ദർഘാസ് ഫാറങ്ങൾ പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്ന് 02.02.2012 തീയതി 12 മണി വരെ വാങ്ങാവുന്നതാണ്. ചെക്കുകൾ, പോസ്റ്റേജ് സ്റ്റാമ്പുകൾ എന്നിവ ടെൻഡർ ഫോറത്തിൻെറ വിലയായി സ്വീകരിക്കുന്നതോ ടെൻഡർ ഫോറം വി.പി.പി. ആയി അയക്കുകയോ ചെയ്യുന്നതല്ല. ടെൻഡർ ഫോറത്തിൻെറ വില മണി ഓർഡറായി സ്വീകരിക്കുന്നതാണ്. മണി ഓർഡറും ടെൻഡർ ഫോറത്തിനുള്ള അപേക്ഷയും കുറഞ്ഞത് ടെൻഡർ ഫോറം വിൽക്കുന്നതിനുള്ള അവസാന ദിവസത്തിന് 7 ദിവസം മുൻപെങ്കിലും ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്.

www.keralapolice.gov.in എന്ന വെബ്സൈറ്റ് വിലാസത്തിൽ നിന്നും ടെൻഡർ ഫോറം ഡൗൺലോഡ് ചെയ്യാവുന്നതും ആയതിന് പറഞ്ഞിട്ടുള്ള വില ഡിമാൻറ് ഡ്രാഫ്റ്റായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോമിൻെറ വില ഒടുക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്. വിദേശ ഉപകരണങ്ങൾക്കായി ടെൻഡർ സമർപ്പിക്കുമ്പോൾ രൂപയിലുള്ള വിലയുംകൂടി രേഖപ്പെടുത്തിയിരിക്കണം. ലെറ്റർ ഓഫ് ക്രെഡിറ്റ് ഓപ്പൺ ചെയ്യാതെ നേരിട്ട് ഉപകരണങ്ങൾ വിതരണം ചെയ്യാൻ തയ്യാറുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. മുൻകൂർ തുക യാതൊരു കാരണവശാലും നൽകുന്നതല്ല. എന്നാൽ അത്യാന്താപേക്ഷിതമാണെന്ന് ബോധ്യപ്പെടുന്ന സന്ദർഭ ങ്ങളിൽ മുൻകൂർ തുക നൽകാവുന്നതാണ്. ദർഘാസുകൾ അയയ്ക്കുന്ന സാധനത്തിൻെറ പേരും ടെൻഡർ നമ്പരും രേഖപ്പെടുത്തി സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ഹെഡ്

ക്വാർട്ടേഴ്സ്, തിരുവനന്തപുരം – 10 എന്ന വിലാസത്തിൽ 02.02.2012 ഉച്ചയ്ക്ക് 12 മണിക്കോ അതിന് മുൻപോ ലഭിക്കത്തക്ക വിധത്തിൽ അയയ്ക്കേണ്ടതാണ്. താമസിച്ച് ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ടെക്നിക്കൽ ദർഘാസുകൾ 02.02.2012 ന് 3.00 മണിക്ക് തദവസരത്തിൽ ഹാജരായിട്ടുള്ള കരാറുകാരുടെയോ അവർ അധികാര പ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസ് ഫാറത്തിനോടൊപ്പം, ദർഘാസ് തുകയും 1 % വരുന്ന തുകയ്ക്കുള്ള നിരതദ്രവ്യം പോലീസ് അസിസ്റ്റൻറ് ഇൻസ്പെക്ടർ ജനറൽ – I, പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരത്തിൻെറ പേർക്ക് മാറ്റാവുന്ന വിധത്തിൽ ഹാജരാക്കേണ്ടതും, നിരതദ്രവ്യം ഒഴിവാക്കപ്പെട്ടിട്ടുള്ളവർ അത് തെളിയിക്കുന്നതിനുള്ള രേഖകൾ ടെൻഡറിനോടൊപ്പം ഹാജരാക്കേ ണ്ടതുമാണ്. നിരതദ്രവ്യം ക്യാഷായോ, ക്രോസ് ചെയ്ത ബാങ്ക് ഡ്രാഫ്റ്റായോ, ട്രഷറി സേവിംഗസ് ഡിപ്പോസിറ്റായോ, ഗവൺമെൻറ് പ്രോമിസറി നോട്ടായോ, ബാങ്ക് ഗ്യാരൻറിയായോ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റായോ സമർപ്പിക്കാവുന്നതാണ്.

ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും പ്രത്യേകം പ്രത്യേകം മുദ്രവച്ച കവറുകളിലാക്കി രണ്ടുംകൂടി മറ്റൊരു മുദ്രവച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. ഓരോകവറിൻെമേലും സാധനത്തിൻെറ പേരും ടെണ്ടർ നമ്പരും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ടെക്നിക്കൽ ബിഡും ഫിനാൻഷ്യൽ ബിഡും ഒരേ കവറിൽ സമർപ്പിച്ചാൽ ആയത് നിരസിക്കാവുന്നതാണ്.

ടെക്നിക്കൽ ബിഡ് 02.02.2012 വൈകുന്നേരം 3 മണിയ്ക്ക് കരാറു കാരൻെറയോ പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെക്നിക്കൽ ബിഡിൻെറയും ബന്ധപ്പെട്ട ഉപകരണങ്ങളുടെയും പരിശോധന കഴിഞ്ഞശേഷം സാങ്കേതിക യോഗ്യതനേടുന്ന ടെൻണ്ടറുകളുടെ ഫിനാൻഷ്യൽ ബിഡുകൾ ബന്ധപ്പെട്ട വരെ മുൻകൂട്ടി അറിയിച്ചശേഷം തുറക്കുന്നതാണ്. സാങ്കേതികമായി യോഗ്യതനേടാത്ത ടെൻണ്ടറുകാരുടെ ഫിനാൻഷ്യൽ ബിഡുകൾ തുറക്കാതെതന്നെ മടക്കിനൽകുന്നതാണ്.

ഉപകരണങ്ങൾ അത്യന്താപേക്ഷിതമായതിനാൽ തെരഞ്ഞെടുക്ക പ്പെടുന്ന കരാറുകാരൻ ഒരു മാസത്തിനുള്ളിൽ തന്നെ പ്രസ്തുത ഉപകരണം ലഭ്യമാക്കേണ്ടതാണ്. സാധനങ്ങളടെ സ്പെസിഫിക്കേഷനുകൾ ദർഘാസ് ഫാറത്തിനോടൊപ്പം ലഭ്യമാണ്. സാമ്പിളുകൾ ദർഘാസിനോടൊപ്പം സൗജന്യ മായി ലഭ്യമാക്കാൻ കരാറുകാർ ബാദ്ധ്യസ്ഥരാണ്. കരാറുകാർ ബന്ധപ്പെട്ട സാങ്കേതിക ഉപകരണങ്ങളുടെ ഡെമോൺസ്ട്രേഷൻ സ്വന്തം ചിലവിലും ഉത്തരവാദി ത്വത്തിലും നടത്തേണ്ടതും അതിന് തയ്യാറായിവരേണ്ടതുമാണ്. സാമ്പിളുകൾ മടക്കി നൽകാനുള്ള ഉത്തരവാദിത്വം ഡിപ്പാർട്ട്മെൻറിൽ നിക്ഷിപ്തമല്ലാത്തതുമാകുന്നു. ദർഘാസുകളിൽ രേഖ

**പ്പെടുത്തുന്ന വില 30.06.2012 തീയതിവരെ മാറ്റമില്ലാതെ നിലനിർത്തേ ണ്ടതാണ്. വിശദമായ സ്പെസിഫിക്കേഷനും മറ്റ് വിവരങ്ങളും കേരളാ പോലീസ് വെബ് സൈറ്റിൽ ലഭ്യമാണ്.**

**കരാറുകാരൻ വിതരണം ചെയ്യാൻ തയ്യാറായിട്ടുള്ള ഉപകരണം പരിശോധ നയ്ക്കായി 03.02.2012 ൽ കൊണ്ടുവരേണ്ടതാണ്. പ്രസ്തുത ഉപകരണത്തിൻെറ പരിശോധന 03.02.2012 പകൽ 11 മണിക്ക് പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരത്ത് വച്ച് നടത്തുന്നതാണ്.**

**യാതൊരു കാരണവും ബോധ്യപ്പെടുത്താതെ ദർഘാസുകൾ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം** സ്റ്റേറ്റ് ***പോലീസ്*** ചീഫിൽ **നിക്ഷിപ്തമാണ്. കൂടുതൽ വിവരങ്ങൾക്ക് പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ പോലീസ് ഇൻസ്പെക്ടർ ജനറൽ – 1 നെയോ (PH. 0471 2726945) എച്ച് സെക്ഷനിലെ സീനിയർ സൂപ്രണ്ടിനെയോ (PH: 0471 2721547 – 1265) ബന്ധപ്പെടാവുന്നതാണ്.**

**Sd/**

സ്റ്റേറ്റ് പോലീസ് ചീഫിനുവേണ്ടി